## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1338** | **06/03/2018-ൽ മറുപടിയ്ക്ക്**

## മാവേലിക്കര മണ്ഡലത്തിൽ ലൈഫ് പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി മാവേലിക്കര മണ്ഡലത്തിൽ ഏറ്റെടുത്ത സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിലെ 156.8 സെന്റ് സ്ഥലമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. |
| (ബി) | തഴക്കര പഞ്ചായത്തിൽ ഇതിനായി ഏറ്റെടുത്ത സ്ഥലം ഉപയോഗിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | നിലവിൽ M/s. KITCO Ltd എന്ന സ്ഥാപനം സൈറ്റ് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. 14 ജില്ലകളിലെ ഭവന സമുച്ചയങ്ങളുടെ നിർമ്മാണം 2 ഘട്ടങ്ങളിലായിട്ടാണ് തുടങ്ങാൻ തീരുമാനം എടുത്തിട്ടുള്ളത് അതിൽ ആലപ്പുഴ ജില്ലയിൽ തഴക്കര ഗ്രാമപഞ്ചായത്തിൽ രണ്ടാംഘട്ടത്തിൽ പ്രവൃത്തി തുടങ്ങുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റൻറ് എൻജിനീയർ, ഓവർസിയർ എന്നിവരുടെ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഒഴിവുകൾ യഥാസമയം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും പ്രൊമോഷൻ നടപടിക്രമങ്ങൾ ദ്രുതഗതിയിലാക്കിയും ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ